"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-സ്പോർട്സ്(2)/23355/2025-ഡിജിഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 17-11-2025

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -സ്കൂൾ ഗെയിംസ് - ഗ്രൂപ്പ് 5 - ചെസ്സ് അണ്ടർ 19 ഗേൾസ് - ഏറണാകുളം - സംബന്ധിച്ച്

സൂചന :-

*****

67-ാമത് സംസ്ഥാനതല സ്കൂൾ ഗെയിംസ് മത്സരങ്ങളുടെ ഭാഗമായി ചെസ്സ് അണ്ടർ 19 ഗേൾസ് മത്സരം 2025 നവംബർ 20 ന ഏറണാകുളം ജില്ലയിലെ ഗവ. ഗേൾസ് എച്ച് എസ് എസ് ൽ വച്ച് നടത്തുന്നതാണ്. റവന്യൂ ജില്ലാ മത്സരങ്ങളിലൂടെ തെരഞ്ഞെടുത്ത ജില്ലാ ടീമുകളെ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുപ്പിക്കേണ്ടതാണ്.

https://sports.kite.kerala.gov.in എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യുമ്പോൾ ലഭിക്കുന്ന എലിജിബിലിറ്റി സർട്ടിഫിക്കറ്റുമായി രജിസ്ട്രേഷൻ സമയത്ത് എത്തേണ്ടതാണ്. മത്സരത്തിന്റെ വിശദ വിവരങ്ങളും, നിശ്ചയിക്കപ്പെട്ടിട്ടുള്ള കൺവീനറിന്റെ വിവരങ്ങളും മറ്റ് വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.

**റിപ്പോർട്ടിംഗ്** : 19.11.2025 വൈകിട്ട് 5 മണിക്ക്, ഗവ. ഗേൾസ് എച്ച് എസ് എസ്, ഏറണാകുളം

**രജിസ്ട്രേഷൻ** : മത്സര ദിവസം രാവിലെ 6.30 മുതൽ വേദിയിൽ ആരംഭിക്കുന്നതാണ്.

**Accommodation Venue :** ഗവ. ഗേൾസ് എച്ച് എസ് എസ്, ഏറണാകുളം

DETAILS OF REGISTRATION & ACCOMMODATION CONVENORS AND MOBILE NUMBER

1. ശ്രീ. സഞ്ജയ് കുമാർ, ജില്ല സ്പോർട്സ് കോഓർഡിനേറ്റർ, ഏറണാകുളം - 9447046741
2. ശ്രീ. എൽദോ കുരിയാക്കോസ്, RDSGA സെക്രട്ടറി, ഏറണാകുളം - 7907349681

## പ്രധാന നിർദ്ദേശങ്ങൾ

1. സംസ്ഥാനതല സ്കൂൾ ഗെയിംസ് ഗ്രൂപ്പ് 5 മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾ രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ട രേഖകൾ

i ) https://sports.kite.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തു ശേഷം ലഭിക്കുന്ന

എലിജിബിലിറ്റി സർട്ടിഫിക്കറ്റ് സ്കൂൾ പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്തിയത്. (1 കോപ്പി)

ii) പ്രിൻസിപ്പൽ / പ്രധാന അദ്ധ്യാപകൻ സാക്ഷ്യപ്പെടുത്താത്ത രേഖകൾ ഒന്നും തന്നെ രജിസ്ട്രേഷനായി പരിഗണിക്കുകയില്ല.

2. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന മാനേജർമാരെ ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറുടെ മേൽനോട്ടത്തിൽ നിയമിക്കേണ്ടതാണ്. ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ കുട്ടികൾ പങ്കെടുക്കുമ്പോൾ അതാത് വിഭാഗത്തിലെ എസ്കോർട്ടിംഗ് ടീച്ചർമാരുടെ സാന്നിധ്യം നിർബന്ധമായും ഉണ്ടായിരിക്കണം. ആയതിന്റെ ചുമതല അതത് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അസിസ്റ്റന്റ് ഡയറക്ടർമാർക്കും ആയിരിക്കും.

3. രജിസ്ട്രേഷൻ സമയത്ത് കുട്ടികൾക്ക് നൽകുന്ന പാർട്ടിസിപ്പെൻ്റ് കാർഡ് ഓരോ മത്സരത്തിനും പരിശോധനക്കായി ഹാജരാകേക്കേണ്ടതാണ്.

4. മത്സരാർത്ഥികൾ, കോച്ച്, മാനേജർ എന്നിവർക്ക് താമസ സൗകര്യം പൊതുവിദ്യാഭ്യാസ വകുപ്പ് നൽകുന്നതാണ്.

5. പെൺകുട്ടികളുടെ ടീമിനൊപ്പം വനിത മാനേജർ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ടീം മാനേജർമാർ ഇല്ലാത്ത ടീമുകളുടെ രജിസ്ട്രേഷൻ ചെയ്യുന്നതല്ല.

6. ടീം മാനേജേഴ്സ് മീറ്റിംഗിൽ എല്ലാ ടീം മാനേജർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

7. അക്കോമഡേഷൻ്റെ ഭാഗമായി ടീം ഒന്നിന് 2,000/- രൂപ ക്രമത്തിൽ കരുതൽ ഡിപ്പോസിറ്റ് രജിസ്ട്രേഷൻ സമയത്ത് അടയ്ക്കേണ്ടതാണ്. മുൻ കാലങ്ങളിൽ വിവിധ മത്സരങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് അക്കോമഡേഷൻ ഒരുക്കിയ സ്കൂളുകളിൽ കുട്ടികൾ നാശനഷ്ടങ്ങൾ വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. മത്സരത്തിൽ പങ്കെടുക്കാൻ വരുന്ന കുട്ടികളുടെ സുരക്ഷ, സംരക്ഷണം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി കുട്ടികളോടൊപ്പം മത്സരത്തിനു വരുന്ന ടീം മാനേജർ / എസ്കോർട്ടിംഗ് ടീച്ചർ എന്നിവർ കുട്ടികൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നത് തടയുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

Signed by
Santhosh C A
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി
Date: 17-11-2025 21:26:23

**സ്വീകർത്താവ്:**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
അതാത്  അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
2. എല്ലാ ആർ.ഡി.ഡി മാർക്കും (ഹയർ സെക്കണ്ടറി)
അതാത്  അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
3. എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വി.എച്ച് എസ്.ഇ)
അതാത്  അധികാര പരിധിയിൽ വരുന്ന എല്ലാ സ്കൂളുകൾക്കും വിവരം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
4. എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)
5. എല്ലാ ജില്ലാ സ്പോർട്സ് കോർഡിനേറ്റർമാർക്കും (വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖേന)